ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.09.2026**

## പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ സംസ്ഥാനത്ത്. കൊല്ലത്ത് മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ പങ്കെടുത്തു; ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരത്ത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയാകും.
2. ഭീകരവാദത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നയമാണ് രാജ്യം പിൻതുടരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ലഹരിക്കെതിരെ യുവജനങ്ങൾ അണിനിരക്കണമെന്ന് മൻ കി ബാത്തിൽ നിർദ്ദേശം.
3. മഹാത്മാഗാന്ധിയുടെ മുഖ്യ ആശയമായ ശുചിത്വത്തിന് ഏവരും ജീവിതത്തിൽ മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി; സെൻസസ് പ്രക്രിയയിൽ എല്ലാ പൗരന്മാരും പങ്കാളികളായി ദേശീയ ഉത്തരവാദിത്തം നിറവേറ്റണമെന്നും ആഹ്വാനം.
4. സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരളത്തിന് പുതിയ ടൂറിസം മാതൃക സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് ലോക വിനോദസഞ്ചാര ദിനത്തിൽ മന്ത്രി പി സി വിഷ്ണുനാഥ്.

RNU TVPM

5. സംസ്ഥാനത്ത് എല്ലാ തീരദേശ ജില്ലകളിലും തമിഴ്‌നാട്, ലക്ഷദ്വീപ് തീരങ്ങളിലും കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായുള്ള ചുവപ്പ് ജാഗ്രത തുടരുന്നു; നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6. ക്രിക്കറ്റാവേശത്തിൽ തലസ്ഥാന നഗരി; ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ഏകദിന പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ഉച്ചയ്ക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ..

## മാതാ അമൃതാനന്ദമയി- ഉപരാഷ്ട്രപതി

അമൃതപുരിയിൽ മാതാ അമൃതാനന്ദമയിയുടെ 73-ാം ജന്മദിനാഘോഷത്തിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ വിശിഷ്ടാതിഥിയായി പങ്കെടുത്തു. നേപ്പാളിൽ മിന്നൽപ്രളയ ദുരന്ത മേഖലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അമൃതാനന്ദമയി മഠം നൽകുന്ന രണ്ട് കോടി രൂപയുടെ ചെക്ക് ഇന്ത്യയിലെ നേപ്പാൾ അംബാസിഡർ സുരേന്ദ്രഥാപ്പയ്ക്ക് ഉപരാഷ്ട്രപതിയും മുഖ്യമന്ത്രി വി.ഡി. സതീശനും ചേർന്ന് കൈമാറി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ജരാപ്പു റാം മോഹൻ നായിഡു, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉൾപ്പടെയുള്ളവർ ചടങ്ങിൽ പങ്കെടുത്തു. ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരത്തെത്തുന്ന ഉപരാഷ്ട്രപതി ബാലരാമപുരത്ത് എസ് യു ടി അക്കാദമിയുടെ ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയാകും. തുടർന്ന് ഡൽഹിക്കു മടങ്ങും.

RNU TVPM

## മൻ കി ബാത്- സർജിക്കൽ സ്ട്രൈക്ക് (ഇൻട്രോ)

ഭീകരവാദത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നയമാണ് രാജ്യം പിൻതുടരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബാലാക്കോട്ട് വ്യോമാക്രമണം മുതൽ 'ഓപ്പറേഷൻ സിന്ദൂർ' വരെ ഇന്ത്യ നൽകിയ ശക്തമായ പ്രതികരണങ്ങൾ ഇതിന് തെളിവാണെന്നും അദ്ദേഹം പറഞ്ഞു. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാതിൻറെ 138-

◌ാ◌ം പതിപ്പിൽ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യൻ സൈന്യം പാകിസ്ഥാനിലെ ഭീകരവാദകേന്ദ്രങ്ങളിൽ നടത്തിയ സർജിക്കൽ സ്ട്രൈക്ക് നാളെ പത്ത് വർഷം പൂർത്തിയാക്കുക യാണെന്നും, ഭീകരവാദത്തിനെതിരെ രാജ്യത്തിൻറെ നിലപാട് വ്യക്തമാ ക്കുന്നതായിരുന്നു ആ നടപടിയെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

## മൻ കി ബാത്-സെൻസസ്

സെൻസസ് ദേശീയ ഉത്തരവാദിത്തമാണെന്നും, സെൻസസ് പ്രക്രിയയിൽ എല്ലാ പൗരന്മാരും പങ്കാളികളാകണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ 32 കോടിയിലധികം കുടുംബങ്ങളുടെ വിവരങ്ങൾ ഇതിനകം രേഖപ്പെടുത്തിക്കഴിഞ്ഞു. സെൻസസ് പോർട്ടലിലൂടെ ഹിന്ദി ഉൾപ്പെടെ 16 ഭാഷകളിൽ എളുപ്പത്തിൽ വിവരങ്ങൾ നൽകാനാകുമെന്നും രാജ്യത്തിൻറെ കൃത്യമായ ഭാവി ആസൂത്രണത്തിന് ശരിയായ വിവരങ്ങൾ നൽകേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം മൻ കി ബാതിൽ അഭിപ്രായപ്പെട്ടു.

(വോയ്സ്)

RNU TVPM

## മൻ കി ബാത്-അശോക് സിംഗാൾ

വിശ്വഹിന്ദു പരിഷത്തിൻറെ അന്താരാഷ്ട്ര പ്രവർത്തകസമിതി അധ്യക്ഷ നായിരുന്ന അശോക് സിംഗാളിൻറെ നൂറാം ജന്മവാർഷിക ദിനത്തിൽ പ്രണാമം അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാമജന്മഭൂമി പ്രസ്ഥാന ത്തിന് അദ്ദേഹം നൽകിയ ദിശാബോധത്തിൻറെ ഫലമാണ് ഇന്ന് അയോധ്യയിൽ കാണുന്ന രാമക്ഷേത്രമെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. സാമൂഹിക വിവേചനത്തിനും അസമത്വത്തിനും എതിരെ പോരാടിയ വ്യക്തിത്വമായിരുന്നു ശ്രീ അശോക് സിംഗാളെന്നും പ്രധാനമന്ത്രി പറഞ്ഞു.

## മൻ കി ബാത്- മോഢേര ക്ഷേത്രം (ഇൻട്രോ)

രാജ്യം ഈ വർഷം അഭിമാനത്തോടെ 'സോമനാഥ് സ്വാഭിമാൻ പർവ്" ആഘോഷിച്ചതും പ്രധാനമന്ത്രി മൻകി ബാത്തിൽ പരാമർശിച്ചു. 1026-ൽ ഗസ്നി സോമനാഥ ക്ഷേത്രം തകർത്ത അതേ വർഷം തന്നെ ആക്രമിക്കപ്പെട്ട ഗുജറാത്തിലെ ചരിത്രപ്രസിദ്ധമായ മോഢേര സൂര്യക്ഷേത്രത്തിന് 1000 വർഷം തികയുന്നതായും അദ്ദേഹം സൂചിപ്പിച്ചു. ഭാരതത്തിൻറെ അതി ജീവനശേഷിയാണ് ക്ഷേത്രങ്ങളെ എന്നും നിലനിർത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇന്ന്, ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സോളാർ ഗ്രാമമായി മാറിയ മോഢേര, സുസ്ഥിര വികസനത്തിന് മാതൃകയായി തീർന്നിരിക്കുക യാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയ്സ്)

## മൻ കി ബാത്-വോക്കൽ ഫോർ ലോക്കൽ

PNUTVPM

വരാനിരിക്കുന്ന ഉത്സവ വേളകളിൽ 'വോക്കൽ ഫോർ ലോക്കൽ' എന്ന ആശയത്തിന് പ്രാധാന്യം നൽകണമെന്നും പ്രാദേശിക ഉല്പന്നങ്ങൾ വാങ്ങുന്നതിന് മുൻഗണന നൽകണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രാദേശിക ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു ജില്ല ഒരു ഉല്പന്നം, 'വൊക്കൽ ഫോർ ലോക്കൽ' ക്യാമ്പയിനുകൾക്ക് കൂടുതൽ കരുത്ത് പകരണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ഉത്തർപ്രദേശിലെ പ്രതാപ്ഗഢിൽ നെല്ലിക്ക ഉൽപ്പാദനത്തിലൂടെയും സംസ്കരണത്തിലൂടെയും സ്വയംസഹായ സംഘങ്ങളിലെ സ്ത്രീകൾ കൈവരിച്ച സാമ്പത്തിക പുരോഗതി അദ്ദേഹം മൻ കി ബാതിൽ എടുത്തുകാട്ടി.

## മൻ കി ബാത്-ലഹരി (ഇൻട്രോ)

ലഹരിക്കെതിരെ യുവജനങ്ങൾ അണിനിരക്കണമെന്നും രാജ്യത്തെ ലഹരിമുക്തമാക്കുന്നതിനായി ആരംഭിച്ച 100 ആഴ്ച നീളുന്ന 'നശാ മുക്ത് യുവ അഭിയാൻ' ക്യാമ്പയിനിൽ സജീവ പങ്കാളികളാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ലഹരിമുക്ത യുവത്വം വഴിയാണ് വികസിത ഭാരതം സാധ്യമാകുന്നതെന്നും ആഘോഷവേളകളിൽ തെറ്റായ ശീലങ്ങളിലേക്ക്

നീങ്ങുന്ന പുതു തലമുറയെ തിരികെ കൊണ്ടുവരാൻ  പരിശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

## മൻ കി ബാത്-പോഷൺ

സെപ്റ്റംബർ മാസം പോഷകാഹാരക്കുറവിനെതിരെയുള്ള പോരാട്ടത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും ഈ മേഖലയിൽ രാജ്യത്തുടനീളം വലിയ മുന്നേറ്റമാണ് നടക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ അംഗൻവാടി കേന്ദ്രങ്ങളെ ഇപ്പോൾ 'പോഷൺ ട്രാക്കർ' ഡിജിറ്റൽ സംവിധാനവുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്നും ഇതിൽ 9 കോടി ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. കുട്ടികളെയും ഗർഭിണികളെയും പോഷകാഹാരക്കുറവിൽ നിന്ന് മുക്തമാക്കാനുള്ള പോരാട്ടം തുടരുമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

RNUTVPM

## മൻ കി ബാത്-ശുചിത്വം

മഹാത്മാഗാന്ധി നൽകിയ ഏറ്റവും വലിയ ജീവിതമന്ത്രമായ ശുചിത്വത്തിന് ഏവരും മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച്, രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന ശുചിത്വ പ്രവർത്തനങ്ങൾ ഏറെ പ്രചോദനകരമാണ്. ജനപങ്കാളിത്തത്തിലൂടെയുള്ള ശുചിത്വ സേവനമാണ് മഹാത്മാഗാന്ധിക്കുള്ള യഥാർഥ ശ്രദ്ധാഞ്ജലിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

## മുഖ്യമന്ത്രി - ഗ്യാനേഷ് കുമാർ

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ മുൻ കേരള ചീഫ് സെക്രട്ടറി ജിജി തോംസൻ്റെ വെളിപ്പെടുത്തൽ അതീവ ഗൗരവമുള്ളതെന്നു മുഖ്യമന്ത്രി വിഡി സതീശൻ. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ശുദ്ധിയെ പറ്റി ഭരണഘടന തന്നെ വ്യക്തമാക്കുന്നുണ്ട്

എന്നും അങ്ങേയറ്റം സ്വതന്ത്രമായി പ്രവർത്തിക്കേണ്ട സ്ഥാപനമാണ് തിരഞ്ഞെടുപ്പ് കമ്മിഷനെന്നും അദ്ദേഹം പ്രസ്താവനയിൽ വ്യക്തമാക്കി.

## ടൂറിസം-പി സി വിഷ്ണുനാഥ്

ഇന്ന് ലോക വിനോദസഞ്ചാര ദിനം. സംസ്ഥാനത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ സാങ്കേതികവിദ്യയുടെ സഹായത്തോടെ ലോകത്തിന് മുന്നിൽ എത്തിക്കുന്ന പുതിയ ടൂറിസം മാതൃക സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് ടൂറിസം മന്ത്രി പി സി വിഷ്ണുനാഥ്. സുസ്ഥിരതയും എല്ലാവരെയും ഉൾക്കൊള്ളലും കേരളത്തിൻറെ ടൂറിസം വികസനത്തിൻറെ അടിസ്ഥാന ആശയങ്ങളാണ്. വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. ഈ മാറ്റത്തിൻറെ ഗുണഫലങ്ങൾ ടൂറിസം സേവനമേഖലയുടെ താഴെത്തട്ടിലുള്ളവർക്കും ലഭ്യമാക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തുമെന്നും ലോക വിനോദ സഞ്ചാര ദിനത്തോടനുബന്ധിച്ചുള്ള ലേഖനത്തിൽ മന്ത്രി വ്യക്തമാക്കി.

RNUTVPM

## കള്ളക്കടൽ പ്രതിഭാസം

സംസ്ഥാനത്ത് മുഴുവൻ തീരദേശ ജില്ലകളിലും ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രത്തിൻറെ ചുവപ്പ് ജാഗ്രത തുടരുന്നു. വിവിധ തീരങ്ങളിൽ ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. തീരദേശവാസികൾ അതീവ ജാഗ്രത പാലിക്കണം. നാളെ വരെ മത്സ്യബന്ധനത്തിനും വിലക്കേർപ്പെടുത്തിയിട്ടുണ്ട്. തമിഴ്നാട്, ലക്ഷദ്വീപ് തീരങ്ങളിലും കന്യാകുമാരിയിലും സമാനമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

## മുദ്ര യോജന (ഇൻട്രോ )

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തി യാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ

പരിപാടികൾ പുരോഗമിക്കുകയാണ്. രാജ്യത്തെ സംരംഭകത്വ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സഹായിച്ച പ്രധാൻമന്ത്രി മുദ്ര യോജന യെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. രാജ്യത്തെ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്ക് ഈട് ഇല്ലാതെ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2015 ഏപ്രിൽ 8-നാണ് പി എം മുദ്ര യോജനയ്ക്ക് തുടക്കമിട്ടത്. കാർഷികേതര മേഖലയിലെ ഉൽപ്പാദനം, വ്യാപാരം, സേവനങ്ങൾ, ഭക്ഷ്യസംസ്കരണം തുടങ്ങിയ വരുമാനദായകമായ പ്രവർത്തനങ്ങൾക്കായി പദ്ധതിയിലൂടെ ലഭ്യമാകുന്ന വായ്പ ഉപയോഗിക്കാം. രാജ്യത്തെ യുവജനങ്ങളിൽ സ്വയം പര്യാപ്തതയും ധൈര്യവും ആത്മ വിശ്വാസവും വർദ്ധിപ്പിക്കുന്നതിന് മുദ്ര യോജനയിലൂടെ സാധിക്കുമെന്ന് പദ്ധതിയുടെ പത്താം വാർഷികത്തിൽ ഗുണഭോക്താക്കളുമായി സംവദിക്കവേ പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ് )

☸☸☸☸☸☸☸☸☸☸☸☸☸☸☸

## ക്രിക്കറ്റ് - ഇന്ത്യ-വെസ്റ്റ് ഇൻഡീസ് (ഇൻട്രോ )

ക്രിക്കറ്റ് പ്രേമികൾ ആകാംഷയോടെ കാത്തിരിക്കുന്ന ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ഏകദിന പരമ്പരയിലെ ആദ്യ മത്സരം ഇന്ന് തിരുവനന്തപുരത്ത്. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് രണ്ട് മണിക്കാണ് ആവേശകരമായ മത്സരം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് ----**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸

RNU TVPM